(ബി) 2000 മാർച്ച് വരെ ആകെ 20176.06 കോടി രപ ഇനം തിരിച്ചുള്ള സ്റേറ്റ്മെന്റ് അനുബന്ധമായി ചേർത്തിരിക്കുന്നു.†

(സി) പൊതുമരാമത്ത് കരാറുകൾക്ക് കൊടുക്കുവാൻ വേണ്ട തുക എല്ലാ വർഷവും ബഡ്ജറ്റിൽ ഉൾക്കൊള്ളിക്കുന്നുണ്ട്. സഹകരണ ബാങ്കുകളിൽ നിന്നും സർക്കാർ പണം കടം എടുത്തിട്ടില്ല. എന്നാൽ റിസോഴ്സ് മൊബിലൈസേഷന്റെ ഭാഗമായി സഹകരണ ബാങ്കുകൾ ട്രഷറിയിൽ നിക്ഷേപിച്ച തുക അവർ ആവശ്യപ്പെടുന്ന മുറയ്ക്ക് ഘട്ടം ഘട്ടമായി മടക്കി നൽകുവാനുള്ള തീരുമാനമെടുത്തിട്ടുണ്ട്. ഈ തുകകളും പ്ലസ്ടു അദ്ധ്യാപകരുടെ ശമ്പളയിനത്തിലുള്ള തുകയും അധിക വിഭവ സമാഹരണം വഴിയും നികുതിയേതര വരുമാനം വർദ്ധിപ്പിച്ചും റവന്യൂ വരുമാനം അനാവശ്യ ചെലവുകൾ കുറച്ചും സർക്കാർ കണ്ടെത്തും.

(ഡി) വിവരങ്ങൾ സമാഹരിച്ചു വരുന്നു. ലഭ്യമാകുന്ന മുറയ്ക്ക് മറുപടി നൽകുന്നതാണ്.

(ഇ) അക്കൗണ്ടന്റ് ജനറലിന്റെ കണക്കനുസരിച്ച് 31.3.2000-ൽ സംസ്ഥാന ഗവൺമെന്റിന്റെ റവന്യൂ കമ്മി 3642.21 കോടി രൂപയാണ്.

സംസ്ഥാന സർക്കാരിന്റെ കടബാദ്ധ്യത

16 (348) പ്രൊഫ. എ.വി. താമരാക്ഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സർക്കാരിന്റെ മൊത്തം കടം 1.12.2000-ൽ എത്ര കോടിയാണെന്ന് വ്യക്തമാക്കാമോ;

(ബി) സംസ്ഥാനത്തെ കരാറുകൾക്ക് 1.12.2000 ൽ എന്തു തുക കുടിശ്ശിക ഉണ്ടെന്ന് വ്യക്തമാക്കാമോ;

(സി) കർഷകത്തൊഴിലാളി പെൻഷൻ, തൊഴിലില്ലായ്മാ വേതനം, അഗതി പെൻഷൻ, വികലാംഗ പെൻഷൻ, അവശകലാകാരന്മാരുടെ പെൻഷൻ ഈ ഇനത്തിൽ 1.12.2000-ൽ എന്തു തുക കുടിശ്ശിക ഉണ്ടെന്ന് വ്യക്തമാക്കാമോ;

(ഡി) സംസ്ഥാന സഹകരണ ബാങ്കിനും ജില്ലാ ബാങ്കിനും എത്ര തുകയാണ് ഗവണ്മെന്റ് കൊടുക്കാനുള്ളതെന്ന് വ്യക്തമാക്കുമോ;

(ഇ) ഗവൺമെന്റ് ജീവനക്കാർക്ക് നിലവിലുള്ള ഡി.എ.കുടിശ്ശിക എത്ര കോടി രൂപയാണ് കൊടുത്തുത്തീർക്കാനുള്ളതെന്ന് വ്യക്തമാക്കുമോ;

(എഫ്)യു.ജി.സി സ്കീം നടപ്പിലാക്കിയ കോളേജ് അദ്ധ്യാപകർക്ക് യു.ജി.സി സ്കീം നടപ്പിലാക്കാൻ യു.ജി.സി ഗ്രാന്റ്സ് കമ്മീഷൻ എന്തു തുകയാണ് സംസ്ഥാന ഗവൺമെന്റിനെ ഏൽപിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

(ജി) യു.ജി.സി.സ്കീം നടപ്പിലാക്കാൻ 1.12.2000 വരെ എത്ര തുക വേണ്ടിവരുമെന്നാണ് കണക്കാക്കിയിട്ടുള്ളത്;

(എച്ച്) പ്ലസ് 2 അദ്ധ്യാപകർക്ക് 1.12.2000 വരെ ശമ്പളം ഇനത്തിൽ എത്ര കോടി രൂപയാണ് കുടിശ്ശിക ഉള്ളതെന്ന് വ്യക്തമാക്കാമോ;

---

† അനുബന്ധം IV

1189/2010.

LIBRARY ARCHIVES Kerala Legislative Assembly

(ഐ) പുതിയ കോഴ്സുകൾ ആരംഭിച്ച കോളേജുകളിൽ അദ്ധ്യാപകർക്കും അനദ്ധ്യാപകർക്കും ശമ്പളം ഇനത്തിൽ 1.12.2000 വരെ എന്തു തുക കുടിശ്ശിക ഉണ്ടെന്ന് വ്യക്തമാക്കുമോ;

(ജെ) 1.12.2000 നു മുൻപ് പിരിഞ്ഞ ഗവൺമെന്റുദ്യോഗസ്ഥന്മാർക്കും അദ്ധ്യാപകർക്കും പ്രോവിഡന്റ് ഫണ്ട് പെൻഷൻ, കമ്മ്യൂട്ടേഷൻ ഈ ഇനത്തിൽ എത്ര കോടി കുടിശ്ശിക കൊടുക്കാനുണ്ടെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) 1.12.2000-ത്തിലെ കണക്കുകൾ അക്കൗണ്ടന്റ് ജനറൽ പൂർത്തീകരിച്ചിട്ടില്ല.

(ബി) 30.09.2000-വരെ 787.48 കോടി രൂപ കുടിശ്ശികയുണ്ട്.

(സി) 1.12.2000-ൽ ഉള്ള കുടിശ്ശികയുടെ വിവരം ചുവടെ ചേർക്കുന്നു.

1. കർഷകത്തൊഴിലാളി പെൻഷൻ 40,64,97,000
2. തൊഴിലില്ലായ്മാ വേതനം 59,88,00,000
3. അഗതി പെൻഷൻ 376,00,000
4. വികലാംഗ പെൻഷൻ 152,00,000
5. അവശകലാകാരന്മാരുടെ പെൻഷൻ കുടിശ്ശിക ഇല്ല.

(ഡി) ഒന്നും കൊടുക്കാനില്ല.

(ഇ) ആകെ മൂന്നു ഗഡുക്കളായി അടിസ്ഥാനശമ്പളത്തിന്റെ 9% കുടിശ്ശികയുണ്ട്.

(എഫ്)&(ജെ) വിവരം ശേഖരിച്ചു വരുന്നു.

സംസ്ഥാനത്തിന്റെ കടബാധ്യത

17 (349) ശ്രീ. ആര്യാടൻ മുഹമ്മദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2000 മാർച്ച് 31 ന് സംസ്ഥാനത്തിന്റെ മൊത്തം കടം എത്രയായിരുന്നു;

(ബി) 2000 ഒക്ടോബർ 31 ന് സംസ്ഥാനത്തിന്റെ മൊത്തെ കടം എത്രയായിരുന്നു;

(സി) 2001 മാർച്ച് 31 ന് സംസ്ഥാനത്തിന്റെ മൊത്തം കടം എത്രയായിതീരുമെന്നാണ് പ്രതീക്ഷിക്കുന്നത്;

(ഡി) 2000-2001 സാമ്പത്തിക വർഷം അവസാനിക്കുമ്പോൾ ഉണ്ടാകുമെന്ന് പ്രതീക്ഷിച്ചിരുന്ന കടത്തേക്കാൾ ഇത് എത്രകണ്ട് കൂടുതലാണ് എന്ന് പറയുമോ?

ഉത്തരം

(എ) 20,127.06 കോടി രൂപ.

(ബി) 2000 ഒക്ടോബർ 31 വരെയുള്ള കണക്കുകൾ അക്കൗണ്ടന്റ് ജനറൽ നിജപ്പെടുത്തിയിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly